7. പെരുന്തുരുത്തി-പെരുന്തുരുത്തി പാലം റോഡ് (ഏലത്തൂർ കോഴിക്കോട് കോർപ്പറേഷൻ)

8. പുതുക്കോട്ട് താഴം റോഡ് തലക്കുളത്തൂർ പഞ്ചായത്ത്

9. ഒളോപ്പാറ റോഡ് (ചേളന്നൂർ ഗ്രാമപഞ്ചായത്ത്)

10. അടവാട്ട് താഴം റോഡ് (തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്)

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഓലക്കൽക്കടവിൽ പാലം നിർമ്മാണം

124 (2943) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ രാമന്തളി, മാടായി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്നതുമായ ഓലക്കൽക്കടവിൽ പാലം പണിയുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് 10-7-2013-ന് സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ ഭരണാനുമതി ലഭിക്കാത്തതിന് കാരണമെന്ത് ; വിശദമാക്കാമോ ;

(ബി) 11-7-2014-ലെ സബ്മിഷന് ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പുമന്ത്രി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകുന്നതാണെന്ന് മറുപടി നൽകിയിരുന്നെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ഫണ്ട് അനുവദിക്കാത്തത് എന്തു കൊണ്ട് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലത്തിന് നബാർഡിന്റെ RIDF21 സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കാൽ കടവിൽ പാലം പണിയുന്നതിന്റെ പ്രഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് 10-7-2013-ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും ടി പ്രവൃത്തിക്ക് നബാർഡിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവിന് നബാർഡിന്റെ സഹായം ലഭിച്ചിട്ടില്ല. നിലവിലുള്ള ഹെഡ്ഡിൽ നിന്നും തുക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് അനുവദിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചവരുന്നു.

സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

125 (T 2944) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രത്യേക ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിന് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് 20-11-2012-ലെ സ.ഉ.(സാധാ) നമ്പർ 722/14 മത്സ്യ നം. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രത്യേക ഔട്ട്-ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം, മര്യനാട്, കൊല്ലം ജില്ലയിൽ നീണ്ടകര, തങ്കശ്ശേരി, ആലപ്പുഴ ജില്ലയിൽ അർത്തുങ്കൽ വളഞ്ഞവഴി, എറണാകുളം ജില്ലയിൽ തോപ്പുംപടി, തൃശ്ശൂർ ജില്ലയിൽ അഴിക്കോട്, മലപ്പുറം ജില്ലയിൽ ഉണ്ണിയാൽ, പൊന്നാനി, കോഴിക്കോട് ജില്ലയിൽ പുതിയാപ്പ, കണ്ണൂർ ജില്ലയിൽ മാപ്പിളബേ ഫിഷിംഗ് ഹാർബർ, കാസർഗോഡ് ജില്ലയിൽ കസബ ഐസ് പ്ലാന്റിന് സമീപവുമാണ് മണ്ണെണ്ണ ബങ്കുകൾ (13 എണ്ണം) സ്ഥാപിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly